# പതിനാലാം കേരള നിയമസഭ

## പതിനേഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 421

## 03/03/2020 ൽ മറുപടി നൽകേണ്ടത്

### <u>ക്ഷേമ പെൻഷൻ മസ്റ്ററിംഗ്</u>

**<u>ചോദ്യം</u>**

ശ്രീ. വി. ജോയി

**<u>മറുപടി</u>**

ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | ക്ഷേമ പെൻഷൻ മസ്റ്ററിംഗ് പൂർത്തിയാക്കിയപ്പോൾ അർഹതയുള്ള എത്ര പേർ ഉള്ളതായിട്ടാണ് സർക്കാരിന് ബോധ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | 2020 ഫെബ്രുവരി 15 വരെയായിരുന്നു ക്ഷേമപെൻഷൻ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗിനായി അനുവദിച്ചിരുന്നത്. മസ്റ്ററിംഗ് സമയപരിധി അവസാനിച്ചപ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുള്ള 4346121 ഗുണഭോക്താക്കളും, ക്ഷേമനിധി ബോർഡ് പെൻഷന് അർഹതയുള്ള 599661 ഗുണഭോക്താക്കളുമാണുള്ളതെന്നാണ് നിലവിലെ സ്ഥിതി സൂചിപ്പിക്കുന്നത്. |
| (ബി) | മസ്റ്ററിംഗ് ചെയ്യാൻ കഴിയാതെ പോയ അർഹതപ്പെട്ട പെൻഷൻകാർക്ക് പെൻഷൻ ലഭിയ്ക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗിനായി 2019 നവംബർ 11 മുതൽ 2020 ഫെബ്രുവരി 15 വരെ 3 മാസത്തിലേറെ സമയം അനുവദിച്ചിരുന്നു. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ 91.5% പേരും ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കളിൽ 87.14% പേരും പ്രസ്തുത സമയപരിധിയ്ക്കുള്ളിൽ മസ്റ്റർ ചെയ്തിട്ടുണ്ട്.<br>പലകാരണങ്ങളാൽ ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെട്ട കേസുകളിൽ ലൈഫ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മസ്റ്റിംഗ് പൂർത്തിയാക്കി പെൻഷൻ ലഭ്യമാക്കാൻ |

| | | |
|---|---|---|
| | | നിർദ്ദേശം നൽകിയിട്ടുണ്ട്. ആധാർ ഉണ്ടെങ്കിലും വിവിധ കാരണങ്ങളാൽ മസ്റ്റർ ചെയ്യാൻ കഴിയാത്തവരുടെയും, നെറ്റ്-വർക്ക് കിട്ടാത്ത പ്രദേശങ്ങളിൽ താമസിക്കുന്ന കിടപ്പുരോഗികൾ ഉൾപ്പെടെയുള്ളവരുടെയും വിഷയത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് ഉത്തമബോധ്യമുള്ള പക്ഷം, ആധാർ ഫെയിൽ ആകാതെ തന്നെ യഥാർത്ഥ കാരണം രേഖപ്പെടുത്തി ഇത്തരക്കാരുടെ മസ്റ്ററിംഗ് നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>വിവിധ കാരണങ്ങളാൽ ഇനിയും മസ്റ്റർ ചെയ്തിട്ടില്ലാത്ത അർഹതപ്പെട്ട പെൻഷൻ ഗുണഭോക്താക്കൾ ഉണ്ടെങ്കിൽ അവർക്ക് മസ്റ്ററിംഗ് ചെയ്യുന്നതിനുള്ള അവസരം നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ